പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2242 08.07.2015 ൽ മറുപടിക്ക്

## പ്രാഥമിക ആരോഗ്യരംഗം സമഗ്രമായി വികസിപ്പിക്കുവാൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി.എ. മാധവൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് ചികിത്സക്കുള്ള പ്രതിശീർഷ ചെലവിൽ ഏറ്റവും മുന്നിലാണ് കേരളമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (എ) | ലോകാരോഗ്യ സംഘടനയുടെ 2010-11 ലെ പഠന റിപ്പോർട്ട് പ്രകാരം ദേശീയ ശരാശരിയെക്കാൾ ഉയർന്ന തുകയാണ് മലയാളി മരുന്നിന് ചിലവിടുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കായുള്ള സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ വിദഗ്ധ റിപ്പോർട്ടിൽ രാജ്യത്ത് ഔട്ട് ഓഫ് പോക്കറ്റ് എക്സ്പെന്റിച്ചർ ഏറ്റവും കൂടുതൽ ഉള്ള സംസ്ഥാനമാണ് കേരളമെന്ന് പരാമർശിക്കുന്നുണ്ട്.<br>ദീർഘകാല ചികിത്സയെടുക്കേണ്ടുന്ന ജീവിതശൈലി രോഗങ്ങളുടെ വർദ്ധനവ്, ആയുർദൈർഘ്യം വർദ്ധിച്ചത് വഴി വയോജനങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവ്, ഉയർന്ന ആരോഗ്യ സാക്ഷരത, ചികിത്സ തേടാനുള്ള ജനങ്ങളുടെ താൽപര്യം സ്വകാര്യ മേഖലയുടെ വളർച്ച എന്നീ ഘടകങ്ങൾ ഇതിന് കാരണമാകുന്നുണ്ട്. ഇത് കൂടാതെ സംസ്ഥാനത്ത് സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ വർദ്ധനവ് മെച്ചപ്പെട്ട ഡോക്ടർ, രോഗി അനുപാതം, ആരോഗ്യ കേന്ദ്രങ്ങളിലേക്ക് ജനങ്ങൾ എത്തുവാനുള്ള സൗകര്യം എന്നിവയും ചികിത്സയ്ക്കുള്ള പ്രതിശീർഷ ചെലവിൽ കേരളം മുന്നിലാകാൻ കാരണമായിട്ടുണ്ട്. |
| (ബി) | ഈ സാഹചര്യം ഒഴിവാക്കാൻ പൊതു മേഖലയിലെ പ്രാഥമിക ആരോഗ്യരംഗം സമഗ്രമായി വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (ബി) | അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റു രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുമായി രണ്ടായിരത്തി ഇരുന്നൂറ്റി പത്ത് പ്ലാൻ ശീർഷകത്തിൽ വിവിധ പദ്ധതികൾക്കായി തുക വകയിരുത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട പദ്ധതികളെക്കുറിച്ചുള്ള വിവരം താഴെകൊടുക്കുന്നു.<br>1) ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ. |

| | | | |
|---|---|---|---|
| | | | 2)പ്രധാന നിർമ്മാണ പ്രവർത്തികൾ<br>3) ഡയഗ്നോസ്റ്റിക് സർവ്വീസുകൾ ശക്തിപ്പെടുത്തൽ.<br>4) പകർച്ചവ്യാധി നിയന്ത്രണ പരിപാടികൾ.<br>5) പകർച്ചവ്യാധി അല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം തുടങ്ങിയവ. |
| (സി) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരും, മരുന്നും, സേവനവും ഉറപ്പാക്കിയാൽ ചികിത്സാ ചെലവ് എത്രകണ്ട് കുറക്കാനാകമെന്ന് വ്യക്തമാക്കുമോ ; ഇതിനാവശ്യമായ നടപടി കൈക്കൊള്ളുമോ ; | (സി) | പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരും, മരുന്നും, സേവനവും ലഭ്യമാക്കിയാൽ ജനങ്ങളുടെ ചികിത്സാ ചെലവ് കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇത് കണക്കിലെടുത്ത് പ്രാഥമിക ചികിത്സാ മേഖല ശക്തിപ്പെടുത്തുവാനുള്ള നടപടികൾ ആരോഗ്യവകുപ്പ് ചെയ്തു വരുന്നു. പദ്ധതി/ പദ്ധതിയേതര വിഹിതം, എം.എൽ.എ/ എം.പി.മാരുടെ ആസ്തി വികസന ഫണ്ട്, നബാർഡ്, ആർ.എസ്.ബി.വൈ. തുടങ്ങിയ ഫണ്ട് ഉപയോഗിച്ച് പി.എച്ച്.സി., സി.എച്ച്.സി. എന്നിവയുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങൾ എന്ന നിലയ്ക്ക് ഇവ വഴിയുള്ള വികസന പ്രവർത്തനങ്ങൾ പി.എച്ച്.സി./സി.എച്ച്.സി.കളിൽ നടന്നുവരുന്നു. ദേശീയ ആരോഗ്യ മിഷന്റെ സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പ്രൈമറി ഹെൽത്ത് ലാബുകൾ സി.എച്ച്.സി./ പി.എച്ച്.സി.കളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ ഇല്ലാതിരുന്ന പഞ്ചായത്തുകളിൽ 25 പുതിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് ആവശ്യമായ മരുന്നുകൾ കെ.എം.സി.എൽ.വഴി വാങ്ങി ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | ഏറ്റവും ചെലവേറിയ മരുന്നുകൾ, ലാബ് പരിശോധന, സ്കാനിംഗ് എന്നിവ പൊതുമേഖലാ കേന്ദ്രങ്ങൾ മുഖേന സാർവ്വത്രികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഡയഗ്നോസ്റ്റിക് സർവ്വീസുകൾ ശക്തിപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ലാബ് പരിശോധന, സ്കാനിംഗ് സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ നടപ്പിലാക്കുന്നതിന് വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ പ്രാഥമിക ആരോഗ്യതലം മുതലുള്ള സ്ഥാപനങ്ങളിൽ ആവശ്യമുള്ള പരിശോധന ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ